"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നൊച്ചാട് ഗ്രാമപഞ്ചായത്ത് - കോഴിക്കോട് സർവ്വകലാശാലയുടെ റീജിയണൽ സെന്റർ ഗ്രാമപഞ്ചായത്തിൽ ആരംഭിക്കുന്നതിന്റെ ഭാഗമായി ഭൂമി വാങ്ങുന്നതിനായി തുക തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് പ്രത്യേകാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം.543/2022/LSGD  തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സമിതിയുടെ സംസ്ഥാന തല കോ - ഓർഡിനേഷൻ സമിതിയുടെ 10.02.2022 ലെ യോഗ തീരുമാനം നമ്പർ 4.26

**ഉത്തരവ്**

കോഴിക്കോട് സർവ്വകലാശാലയുടെ റീജിയണൽ സെന്റർ നൊച്ചാട് ഗ്രാമ പഞ്ചായത്തിൽ ആരംഭിക്കുന്നതിനായി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ടെന്നും,ആയതിന് പന്നും കൊടമല പ്രദേശത്ത് ഭൂമി കണ്ടെത്തിയിട്ടുണ്ടെന്നും ,പ്രസ്തുത ഭൂമി വാങ്ങുന്നതിലേക്ക് പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായ കമ്മിറ്റി സമാഹരിക്കുന്ന തുകയ്ക്ക് പുറമെ പത്തു ലക്ഷം രൂപ തനതു ഫണ്ടിൽ നിന്നും അനുവദിക്കണമെന്ന ഗ്രാമപഞ്ചായത്തിന്റെ ആവശ്യം 10.02.2022-ൽ കൂടിയ സംസ്ഥാനതല കോ ഓർഡിനേഷൻ കമ്മിറ്റി പരിശോധിച്ച് പ്രത്യേക അനുമതി നൽകിയിരുന്നു.ആയതിനാൽ കോഴിക്കോട് സർവ്വകലാശാലയുടെ റീജിയണൽ സെന്ററിന് ഭൂമി വാങ്ങുന്ന ആവശ്യത്തിലേക്ക് നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും പത്തുലക്ഷം രൂപ വിനിയോഗിക്കുന്നതിന് പരാമർശത്തിലെ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം പ്രത്യേക അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ആർ .എസ് .കണ്ണൻ
സ്പെഷ്യൽ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 07-03-2022 16:09:08
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പി.എസ്. ന്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്